LIBRARY ARCHIVES Kerala Legislative Assembly

അച്ചടി വകുപ്പ്

205 (3181) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ ഇപ്പോൾ ഏതൊക്കെ വകുപ്പുകളുടെ അച്ചടിയാണ് ഏൽപ്പിച്ചിട്ടുള്ളത് ;

(ബി) മറ്റ് വകുപ്പുകളുടെ അച്ചടി എന്ത് കാരണത്താലാണ് അച്ചടി വകുപ്പിനെ ഏൽപ്പിക്കാത്തത് ;

(സി) പാഠ പുസ്തകങ്ങളുടെ അച്ചടി ഗവൺമെന്റ് പ്രസ്സിനെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എത്ര വീതം എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) 12-9-2011-ലെ സ.ഉ.(കൈ)നമ്പർ213/11/ഉവിവ, 22-9-2011-ലെ സ.ഉ. (കൈ)നമ്പർ231/11/ഉവിവ എന്നീ ഉത്തരവുകൾപ്രകാരം സർക്കാർ പാഠ പുസ്തകങ്ങളുടെ അച്ചടി ജോലികളും വിവിധ സർക്കാർ വകുപ്പുകളുടെ അച്ചടി ജോലികളും ഗവൺമെന്റ് പ്രസ്സ്, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്.), സി.-ആപ്റ്റ് എന്നീ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ടെക്സ്റ്റ് ബുക്ക്, ലോട്ടറി ടിക്കറ്റ്, പി.ആർ.ഡി.-യുടെ പ്രസിദ്ധീകരണങ്ങൾ എന്നിവ ഒഴികെ എല്ലാ സർക്കാർ വകുപ്പുകളുടേയും അച്ചടി ജോലികൾ ഗവ. പ്രസ്സുകളിൽ നിർവഹിച്ചുവരുന്നുണ്ട്. പാഠപുസ്തകങ്ങളുടെ അച്ചടി കെ.ബി.പി.എസ്.-ലും സി.ആപ്റ്റിലുമാണ് നിർവഹിച്ചുവരുന്നത്.

അച്ചടി വകുപ്പിലെ പാൽ വിതരണം

206 (3182) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിലെ ജീവനക്കാർക്ക്, രാസ പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ പ്രതിരോധിക്കുവാൻ പാൽ വിതരണം നടത്തിയിട്ടുണ്ടോ ;